പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3057

28.1.2014- ൽ
മറുപടിക്ക്

## കയർ മേഖലയെ ശക്തിപ്പെടുത്തുവാൻ കർമ്മപദ്ധതി

| ചോദ്യം<br><br>ശ്രീ.കെ.മുരളീധരൻ:<br>,, സണ്ണി ജോസഫ്:<br>,, എം.എ.വാഹീദ്:<br>,, പി.സി.വിഷ്ണുനാഥ്: | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതി കളാണ് ഈ - സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) കയർ മേഖലയെ ശക്തിപ്പെടുത്താൻ ഈ - സർക്കാരിന്റെ കാലത്ത് സ്വീകരിച്ച ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.<br><br>• പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/- രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചു.<br><br>• കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 260/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360/- രൂപയായും വർദ്ധിപ്പിച്ചു.<br><br>• കയർ പിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.<br><br>• തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർ പിരി സംഘങ്ങൾക്ക് 1,00,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചും, തൊണ്ട് സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | • കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന - സൗകര്യ വികസനത്തിന് 2011-12 ൽ 1,27,50,175/- രൂപയും 2012-13 ൽ 2,07,59,149/- രൂപയും ഈ വർഷം ഈ ഇനത്തിൽ 9,73,27,903/- രൂപയും അനുവദിച്ചു.<br>• കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് "കയർ കേരള" അന്താരാഷ്ട്ര പ്രദർശനമേള 2012, 2013 വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു. 2014 ലും കയർമേള - സംഘടിപ്പിക്കുന്നു.<br>• ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു. |
| (ബി) ഇക്കാലയളവിൽ കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇക്കാലയളവിൽ കയർമേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്രവിഹിതം ഉൾപ്പെടെ 2011-12 ൽ പദ്ധതി യിനത്തിൽ 90,05,01,000/- രൂപയായിരുന്നത് 2012-13-ൽ 104,70,00,000/- രൂപയായും, 2013-14 ൽ 116,37,00,000/- രൂപയായും വർദ്ധിപ്പിച്ചു. |
| സി) എത്ര ശതമാനം വർദ്ധനവാണ് ഓരോ സാമ്പത്തിക വർഷത്തിലും വരുത്തിയിട്ടുള്ളതെന്ന് വിശദമാ - ക്കുമോ; | സി) കയർ മേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ മുൻവർഷത്തേക്കാൾ (2012-13) 11.146% വർദ്ധനവ് നടപ്പുസാമ്പത്തികവർഷം (2013-14) ഉണ്ടായിട്ടുണ്ട്. 2011-12 നേക്കാൾ 16.27% വർദ്ധനവായിരുന്നു 2012-13 ൽ. |
| (ഡി) ഇതുമൂലം കയർ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി)<br>• 2012-13 വർഷം 446 സംഘങ്ങൾക്ക് 9,04,47,648/- രൂപയും, 2013-14 -ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും പ്രവർത്തനമൂലധനമായി നൽകി.<br>• അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-13 ൽ 58 സംഘങ്ങൾക്ക് 2,07,59,149/- രൂപയും, 2013-14 - ൽ 127 സംഘങ്ങൾക്ക് 9,73,27,903/- രൂപയും നൽകി.<br>• മലബാർ മേഖലയിലെ കയർ സഹകരണ - |

| | |
|---|---|
| | സംഘങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് പ്രോജക്ടിനു കീഴിലെ 10 കയർപിരി സംഘങ്ങൾക്കും, കണ്ണൂർ, പൊന്നാനി പ്രോജക്ടിന് കീഴിലെ 5 കയർപിരി - സംഘങ്ങൾക്കു വീതവും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജിന് അംഗീകാരം നൽകി. 4.90 കോടി രൂപ 2012-13 വർഷം ഇതിനായി അനുവദിച്ചു.<br><br>• ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.<br><br>• കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പാക്കാൻ 2012-13 വർഷം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 18.396 കോടി രൂപ അനുവദിച്ചു.<br><br>• കയർ സംഭരണത്തിനായി 2012-13 വർഷം കയർഫെഡിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ അനുവദിച്ചു.<br><br>• കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു.<br><br>കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും, കയർഫെഡിനേയും, കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും ശക്തമാക്കാൻ വിവിധ പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി. |

സെക്ഷൻ ഓഫീസർ